DTPC-ALP/28/10 (2022)


# ആലപ്പുഴ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ

## സംസ്ഥാന വിനോദ സഞ്ചാര വകുപ്പ്

ബോട്ട് ജെട്ടി റോഡ്, മുല്ലക്കൽ, ആലപ്പുഴ-688011
ഫോൺ: 0477 2251796, 9447483308
Email: info@dtpcalappuzha.com
Website: www.dtpcalappuzha.com


---

തീയതി: 24.12.2022

## ദർഘാസ് നോട്ടീസ്

ആലപ്പുഴ ഡി.ടി.പി.സി യുടെ ജില്ലയിലെ വിവിധ സ്ഥാപനങ്ങളിലേയ്ക്ക് മൂന്ന് വർഷത്തേയ്ക്ക് 30 വയസ്സിനും 55 വയസ്സിനും ഇടയിൽ പ്രായമുള്ള സെക്യൂരിറ്റി ഗാർഡുകളുടെ (വാച്ച് ആൻഡ് വാർഡ്) സേവനം ആവശ്യമുണ്ട്. ഇതിനായി ഈ രംഗത്ത് 5 വർഷത്തിൽ കുറയാത്ത പ്രവർത്തനപരിചയമുള്ള സ്വകാര്യ ഏജൻസികളിൽ നിന്നും മത്സരസ്വഭാവമുള്ള ദർഘാസുകൾ ക്ഷണിക്കുന്നു.

ടെക്നിക്കൽ ബിഡ്, ഫോറം 27/12/2022 മുതൽ 04/01/2023 പകൽ 11 മണിവരെ വാങ്ങാവുന്നതും 05/01/2023 ഉച്ചയ്ക്ക് 1 മണിവരെ സമർപ്പിക്കാവുന്നതാണ്. 05/01/2023 പകൽ മൂന്ന് മണിക്ക് (3 PM) നിലവിലുള്ളവരുടെ സാന്നിദ്ധ്യത്തിൽ ടെക്നിക്കൽ ബിഡ് പരിശോധനയാണ് ആദ്യം നടത്തുന്നത്. തിരഞ്ഞെടുക്കപ്പെടുന്നവർക്ക് ഫിനാഷ്യൽ ബിഡ് സമർപ്പിക്കാൻ അറിയിപ്പ് നൽകുന്നതുമാണ്. ടെക്നിക്കൽ ബിഡ് പരിശോധനയിൽ പ്രീ-ക്വോളിഫി ക്കേഷൻ മാനദണ്ഡങ്ങൾ പാലിച്ചിട്ടുള്ളവരുടെ ദർഘാസ് മാത്രമേ സാമ്പത്തിക ദർഘാസ് പരിശോധനയിൽ ഉൾപ്പെടുത്തുകയുള്ളൂ.

- ഫോറം വില - 1,000/- രൂപ + 18% GST
- നിരതദ്രവ്യം (EMD) - 10,000/- രൂപ
- സെക്യൂരിറ്റി ഡിപ്പോസിറ്റ് - 50,000/- രൂപ
- ആവശ്യമായ സെക്യൂരിറ്റികളുടെ എണ്ണം - 9
- കരാർകാലാവധി - മൂന്ന് (3) വർഷം

### 1. പ്രീ-ക്വാളിഫിക്കേഷൻ യോഗ്യതകൾ

- നിലവിൽ സർക്കാർ അംഗീകൃത രജിസ്ട്രേഷനോടെ പ്രവർത്തിക്കുന്ന സെക്യൂരിറ്റി ഏജൻസി ആയിരിക്കണം
- കുറഞ്ഞത് 5 വർഷം ഓഫീസുകൾ, പാർക്കുകൾ, വിനോദകേന്ദ്രങ്ങൾ, ബാങ്കുകൾ, സർക്കാർ /അർദ്ധ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയിൽ ഏതെങ്കിലും സ്ഥലത്ത് സെക്യൂരിറ്റി സേവനം നൽകി മുൻപരിചയം ഉണ്ടായിരിക്കണം.
- മേൽപ്പറഞ്ഞ പ്രകാരമുള്ള രണ്ട് (2) സ്ഥാപനങ്ങളിലെങ്കിലും നിലവിൽ സെക്യൂരിറ്റി സേവനം നൽകുന്ന സ്ഥാപനമായിരിക്കണം.
- ഏജൻസിക്ക് ESI, PF, GST രജിസ്ട്രേഷൻ നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്.

പ്രീ-ക്വാളിഫിക്കേഷൻ യോഗ്യതകളിലുള്ള മുൻതൂക്കവും, മാനദണ്ഡങ്ങൾ പാലിച്ചുള്ള ടെക്നിക്കൽ ബിഡിന്റെ സമർപ്പണം, പ്രവർത്തന പരിചയം, നിലവിൽ നൽകി വരുന്ന സേവനം, നിയമപരമായ രജിസ്ട്രേഷൻ, എന്നിവയും ദർഘാസ് തുകയുടെ മുൻതൂക്കവും (ഏറ്റവും കുറവ്) ചേർത്തു വച്ചാകും ദർഘാസുകൾ വിലയിരുത്തി തീരുമാനമെടുക്കുക. ആയത് സംബന്ധിച്ച് ഏതെങ്കിലും പ്രത്യേക പരിഗണന ഏതെങ്കിലും ഏജൻസികൾക്കോ സംഘടനകൾക്കോ നൽകുന്നതല്ല.

ഏതെങ്കിലും കാരണവശാൽ ദർഘാസ് തീയതി ദിവസം അവധിയായിരുന്നാൽ തൊട്ടടുത്ത പ്രവൃത്തി ദിവസം ദർഘാസ് തീയതിയായി കണക്കാക്കുന്നതാണ്. ദർഘാസ് സംബന്ധിച്ച അന്തിമ തീരുമാനം ജില്ലാ കളക്ടർ & ചെയർമാൻ, ആലപ്പുഴ ഡി.ടി.പി.സിയുടേതായിരിക്കും.

വിശദവിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക. : ഫോൺ -0477 2251796 /9447483308

(ഒപ്പ്)
സെക്രട്ടറി, ഡി.ടി.പിസി